TB Movie Panel Weekly Review

**#MoviePanel**

MUCIZE aka THE MIRACLE

Written By: Arjun Anand

കാലം മുൻപോട്ട് പോകുംതോറും ലോകവും ചെറുതായിക്കൊണ്ടിരിക്കുകയാണ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ.. ഒരുകാലത്ത് നമ്മളിൽ പലർക്കും നമ്മൾ ജീവിക്കുന്ന ചുറ്റുപാടുകക്ക് പുറത്തുള്ള ഒരു ലോകവും അവിടുത്തെ ജീവിതവും സംസ്കാരവും ഒക്കെ അജ്ഞാതം ആയിരുന്നു.. വായിച്ചറിഞ്ഞത് വച്ചു കനവുകൾ കാണാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ പലർക്കും...പക്ഷെ സാങ്കേതിക വിദ്യ മാറ്റങ്ങൾ കൊണ്ടുവന്നു.. ഇന്ന് ലോകത്തിന്റെ ഏതു കോണിലിരുന്നും നമ്മുക്ക് പരസ്പരം സംസാരിക്കാനും കാണാനും കഴിയും.. ലോകത്തെവിടെയും നടക്കുന്ന സംഭവവികാസങ്ങൾ നമ്മുടെ വിരൽ തുമ്പിൽ ഉണ്ട്... നിരവധി ഒ ടി ടി പ്ലാറ്റുഫോമുകളിലൂടെ അന്യദേശ-ഭാഷ ചിത്രങ്ങൾ കാണുവാനുള്ള അവസരം ഇന്ന് നമുക്ക് ഒരുപാടുണ്ട്...കൊറോണ അടിച്ചേൽപ്പിച്ച അപ്രതീക്ഷിതമായ ഈ യാത്രവിലക്കുകൾക്കും നിയന്ത്രണങ്ങൾക്കും ഇടയിൽ പലരും സമയം ചിലവഴിക്കുന്നത് ഈ ഒ ടി ടി പ്ലാറ്റുഫോമുകളിൽ ആണ്... ഒരു തരത്തിൽ പറഞ്ഞാൽ കൊറോണ ഒ ടി ടി എന്നതിനെ കൂടുതൽ ജനകീയമാക്കി...

നമ്മുക്ക് അപരിചിതമായ ഒരു ദേശത്തെ, അവിടുത്തെ സംസ്കാരത്തെ, ആചാരങ്ങളെ, അവിടുത്തെ ആളുകളുടെ പല കാലഘട്ടങ്ങളിലെ ജീവിതരീതി ഒക്കെ നമ്മൾക്ക് കാണിച്ചു തരുന്നത് ലോക സിനിമകൾ ആണ്...ആ കൂട്ടത്തിലേക്ക് ചേർത്ത് വയ്ക്കാവുന്ന ഒരു മനോഹരം ചിത്രം ആണ് Mucize (മുജിസെ )/The Miracle എന്ന തുർക്കിഷ് ചിത്രം.. ഗായകനും നടനും സംവിധായകനും ഒക്കെ ആയ Mahsun Kirmizugul ആണ് ഈ ചിത്രം എഴുതി സംവിധാനം ചെയ്തിരിക്കുന്നത്..

അധ്യാപനം എന്നത് ഒരു ജീവിതോപാധി എന്നതിൽ ഉപരി ഒരു സേവനം ആയി കണക്കാക്കുന്ന മാഹിർ എന്ന അധ്യാപകന്റെ കണ്ണിലൂടെ ആണ് സിനിമ അവതരിപ്പിച്ചിരിക്കുന്നത്.. വൈദ്യുതിയും ഗതാഗതവും മറ്റു അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയും ഇനിയും എത്തിയിട്ടില്ലാത്ത ഒരു മലയോര ഗ്രാമത്തിലേക്ക് മാഹിറിന് സ്ഥലമാറ്റം കിട്ടുന്നു.. നഗരത്തിൽ നിന്നും ആ കുഗ്രാമത്തിലേയ്ക്ക് പോകുന്നതിൽ നിന്നും അദ്ദേഹത്തിന്റെ ഭാര്യയും നാട്ടുകാരും അദ്ദേഹത്തെ വിലക്കാൻ ശ്രമിക്കുന്നെങ്കിലും, അവിടുത്തെ കുട്ടികൾക്ക് വിദ്യഭ്യാസം നൽകേണ്ടത് തന്റെ കടമ ആണെന്ന് വിശ്വസിക്കുന്ന മാഹിർ ആ ഗ്രാമത്തിലേക്ക് യാത്ര തിരിക്കുന്നു... നിഷ്കളങ്കരായ ആ നാട്ടുകാർ അയാൾക്ക് സ്നേഹോഷ്മളമായ

വരവേൽപ്പ് തന്നെ നൽകുന്നു.. പക്ഷെ ആ നാട്ടിൽ ഒരു സ്കൂൾ ഇല്ല എന്ന സത്യം മാഹിർ അറിയുന്നത് അവിടെ എത്തിയതിനു ശേഷം ആണ്.. സ്കൂളിന് അനുമതി നേടുവാൻ ഗ്രാമത്തലവനോടൊപ്പം മാഹിർ അധികാരികളെ കണ്ട് അപേക്ഷിച്ചെങ്കിലും എല്ലാ ശ്രമങ്ങളും വിഫലമായി... ഒടുവിൽ അദ്ദേഹം സ്വന്തം ചിലവിൽ ആ മലമുകളിൽ ഒരു സ്കൂൾ നിർമിക്കുന്നു..

ഗ്രാമത്തലവന്റെ മക്കളിൽ ഒരുവനായ അസീസ് ഭിന്നശേഷിക്കാരനും ശരീരത്തിന്റെ ഒരു ഭാഗം തളർന്നിരുന്നത് കൊണ്ട് സംസാരശേഷി ഇല്ലാത്തവനും ആയിരുന്നു...നാട്ടിലെ എല്ലാവർക്കും അയാളെ ഒരുപാട് ഇഷ്ടം ആയിരുന്നു എങ്കിലും അവന്റെ കുറവുകളെ പരിഹസിക്കുന്നവരും ആ നാട്ടിൽ ധാരാളം ഉണ്ടായിരുന്നു.. തന്റെ വൈകല്യങ്ങളെ കുറിച്ചുള്ള ചിന്ത മൂലം സ്വതവേ അന്തർമുഖൻ ആയ അസീസ് അച്ഛനോട് പോലും സംസാരിക്കാൻ കൂട്ടാക്കിയിരുന്നില്ല.. അയാൾക്ക് ആകെ ഉണ്ടായിരുന്ന സുഹൃത്ത് അയാളുടെ കുതിര ആയിരുന്നു.. ആ കുതിരയോട് മാത്രം അയാൾ അവ്യകതമായി സംസാരിക്കാറുണ്ടായിരുന്നു.. പലപ്പോഴും നാട്ടുകാരുടെ പരിഹാസങ്ങൾ അതിരുകടക്കുമ്പോൾ തന്റെ കുതിരമേൽ ഏറി കുന്നിൻ മുകളിൽ എത്തി ഉച്ചത്തിൽ അലറി ആണ് അസീസ് തന്റെ വിഷമം തീർത്തിരുന്നത്.. മാഹിറിന് അയാളുടെ അവസ്ഥയിൽ അനുകമ്പ തോന്നുകയും അയാൾക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്നു.. മാഹിറിന് അസീസിനെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാൻ കഴിയുമോ? അതോ വിധിയുടെ തീരുമാനങ്ങൾക്ക് മുൻപിൽ അയാളും കീഴടങ്ങുമോ? ... തുടർന്നുള്ള കാര്യങ്ങൾ കണ്ടു തന്നെ മനസിലാക്കുക..

1960 കളിലെ തുർക്കിയും അവിടുത്തെ നാഗരിക ജീവിതവും ഗ്രാമീണ ജീവിതവും എല്ലാം ഒരു മനോഹര ഛായാചിത്രം പോലെ വരച്ചിടുന്നുണ്ട് ചിത്രം... ഭരണകൂടം തിരിഞ്ഞു നോക്കിയിട്ടില്ലാത്ത, പുറംലോകവുമായി കാര്യമായ ബന്ധം ഇല്ലാതെ കഴിയുന്ന ആ ഗ്രാമത്തിലെ ആ കാലഘട്ടത്തിലെ ആളുകളുടെ സാമൂഹിക ജീവിതവും സംസ്കാരവും ആചാരങ്ങളും, മല നിരകളും തടാകങ്ങളും മഞ്ഞു വീഴ്ചയും ഒക്കെ ചേർന്ന ഭൂഭംഗിയും എല്ലാം വ്യക്തമായി പ്രേക്ഷകരിലേക്ക് എത്തിക്കുവാൻ സംവിധായകനും അഭിനേതാക്കൾക്കും ദൃശ്യങ്ങൾക്കും സാധിച്ചിട്ടുണ്ട്.. Soykut Turan ആണ് ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത്..

അവിശ്വസനീയമാം വിധം വിശ്വസനീയമാണ് ഒരു നാടോടി കഥയിലേത് പോലെ ഉള്ള കഥാപാത്രങ്ങൾ ആയുള്ള അഭിനേതാക്കളുടെ പ്രകടനം...നിരക്ഷരരായ ആ ഗ്രാമീണരുടെ പരസ്പര സ്നേഹവും സഹകരണവും ബന്ധങ്ങളിലെ ഊഷ്മളതയും വൈകാരികതയും എല്ലാം ആ പ്രതിഭകളുടെ കൈയിൽ ഭദ്രം ആയിരുന്നു.. എടുത്തു പറയേണ്ടത് ക്ഷമയും സ്നേഹവും മനുഷ്യത്വവും ഉപയോഗിച്ച് ആളുകളോട് സംവദിക്കുന്ന മാഹിർ എന്ന അധ്യാപകനെ ഒന്നാം ഭാഗത്തിൽ അനശ്വരം ആക്കിയ Talat Bulut ന്റെ പ്രകടനവും രണ്ടാം ഭാഗത്തിൽ അതേ

കഥാപാത്രത്തെ അവതരിപ്പിച്ച Fikret Kuskan ന്റെയും, അസീസിന്റെ നൊമ്പരങ്ങളും ദയനീയതയും പ്രണയവും ഒക്കെ തീവ്രത ഒട്ടും ചോരാതെ പ്രേക്ഷകരിലേക്ക് എത്തിച്ച Merk Turak ന്റെ പ്രകടനവും രണ്ടാം ഭാഗത്തിൽ അസീസിന്റെ പ്രിയതമ മിസ്ഗിനെ അവതരിപ്പിച്ച Biran Damla Yilmaz ന്റെ പ്രകടനവും രണ്ടാം ഭാഗത്തിൽ തീയേറ്റർ ഉടമ ആയ ബഹട്ടിനെ ഹൃദ്യമാക്കിയ Erdag Ozyagcilar ന്റെ പ്രകടനവും ആണ്...സംവിധായകൻ കഥാപാത്രങ്ങളെ മികച്ചതാക്കുന്നതിൽ വസ്ത്രാലങ്കാരവും ചമയവും നിർവഹിച്ചവരും കലാ സംവിധായകരും നിർവഹിച്ച പങ്ക് ചില്ലറയല്ല.. ഓരോ കഥാപാത്രങ്ങളുടെ രൂപഭാവങ്ങളും അത് അവതരിപ്പിച്ച നടന്മാരുടെ യഥാർത്ഥ രൂപഭാവങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് അവര് പ്രതിഭയുടെ ആഴം നമുക്ക് മനസ്സിലാവുന്നത്..

രണ്ടു ഭാഗങ്ങളിൽ ആയാണ് ചിത്രം തയ്യാറാക്കപ്പെട്ടിട്ടുള്ളത്....2015ൽ പുറത്തിറങ്ങിയ The Miracle എന്ന ഒന്നാം ഭാഗവും 2019ൽ പുറത്തിറങ്ങിയ The Miracle 2 : love എന്ന രണ്ടാം ഭാഗവും.. രണ്ടു ഭാഗങ്ങളും ഹൃദയസ്പർശി ആയി തന്നെ ആണ് കഥ പറയുന്നത്... രണ്ടാം ഭാഗത്തിൽ പ്രേക്ഷകന് ഒരുപക്ഷെ അല്പം നിരാശ തോന്നുന്ന ഘടകം ആദ്യ ഭാഗത്തിൽ മാഹിറിനെ അനശ്വരമാക്കിയ Talat Bulut ന്റെ അഭാവം ആയിരിക്കും.. അത് ഒരു പരിധി വരെ പരിഹരിക്കുവാൻ Fikret Kuskan ന് കഴിയുന്നുണ്ട്..

ഫീൽ ഗുഡ് ഗണത്തിൽ പെടുത്താവുന്ന നിരവധി ചിത്രങ്ങൾ തുർക്കിഷ് ഭാഷയിൽ പുറത്തിറങ്ങിയിട്ടുണ്ട്.. ഹൃദയ സ്പർശിയായ അത്തരം ചിത്രങ്ങളുടെ പട്ടികയിൽ ഒന്നാമതായി തന്നെ ഉണ്ടാവും ഈ ചിത്രം എന്നതിൽ സംശയം ഇല്ല.. ഹൃദയം കൊണ്ടേ നിരവധി വൈകാരിക മുഹൂർത്തങ്ങൾ ഉള്ള ഈ ചിത്രം കാണാൻ കഴിയൂ... സിനിമ പ്രേമികൾ തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രം..